## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3924

20.7.2015 - ൽ
മറുപടിനൽകേണ്ടിയിരുന്നത്

## കയർ കമ്മീഷൻ ശുപാർശകൾ

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. ബാബു എം പാലിശ്ശേരി<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സി.കൃഷ്ണൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ കമ്മീഷൻ നൽകിയ ശുപാർശകൾ നടപ്പാക്കുന്നതിന്റെ പുരോഗതി അറിയി ക്കാമോ; | (എ) കയർ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകളും സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) തൊണ്ട് സംഭരണത്തിനായി രൂപീകരിച്ച കൺസോർഷ്യങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി) വിലയിരുത്താറു ണ്ട്. എന്നാൽ തൊണ്ട് സംഭരണ കൺസോർഷ്യങ്ങളുടെ പ്രവർത്തനം ഉദ്ദേശിച്ച രീതിയിൽ നടക്കാത്തതു മൂലം കയർമേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും നാളികേര തൊണ്ട് സംഭരണം ഫലപ്രദമാക്കുന്നതിനും സർക്കാർ അംഗീകരിച്ച പദ്ധതിയുടെ നിയമാവലി 05/02/2015 ലെ സർക്കാർ ഉത്തരവ് (കൈ)നം. 116/2015/വ്യവ പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടു ണ്ട്.<br>തൊണ്ട് സംഭരണം കൂടുതൽ ശക്തമാക്കി ചകിരി ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയും കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുമായാണ് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. |
| സി) ഇതിനായി നിർദ്ദേശിച്ചിരുന്ന അപെക്സ് ബോഡി ഫോർ കയർ (എ.ബി.സി) രൂപീകരിച്ചിട്ടുണ്ടോ; | സി) കയർ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കയർ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള അപെക്സ് ബോഡി ഫോർ കയർ (എ.ബി.സി) കമ്മിറ്റി രൂപീകരിച്ചിട്ടു ണ്ട്. |

| | |
|---|---|
| ഡി)കയർമേഖല യിലേയ്ക്ക് ആവശ്യമായ യന്ത്രങ്ങളുടെ നിർമ്മാണത്തിനായി സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച കമ്പനി പ്രവർത്തിക്കുന്നുണ്ടോ; ഇവിടെ നിന്നുള്ള ഉൽപന്നങ്ങൾ കയർ മേഖലയ്ക്ക് ലഭ്യമാക്കുന്നുണ്ടോ? | ഡി) കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങളുടെ നിർമ്മാണത്തിനായി കേരളാ സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക് ചറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു. ഇവിടെ നിർമ്മിക്കുന്ന യന്ത്രങ്ങൾ, കയർ മേഖലയുടെ നവീകരണത്തിനും പുരോഗതിക്കും വേണ്ടി ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

- അനുബന്ധം -

| നമ്പർ | ശുപാർശ | നടപ്പിലാക്കിയത് |
|---|---|---|
| **1.** | തൊണ്ടു ശേഖരണം കാര്യക്ഷമമാക്കുന്നതിന് കമ്മിറ്റികളും കൺസോർഷ്യങ്ങളും രൂപീകരിക്കണം. | • തൊണ്ടു സംഭരണം കാര്യക്ഷമമാക്കുന്നതിന് കമ്മിറ്റികളും കൺസോർഷ്യങ്ങളും രൂപീക രിച്ചു.<br><br>36 തൊണ്ടു ശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചു. 5 ലക്ഷം രൂപാവീതം ആദ്യഘട്ടം പ്രവർത്തന മൂലധനവും നൽകി. ഒരു കൺസോർഷ്യത്തിന് 63,023/- രൂപ കൂടെ തുടർന്നും നൽകി.<br><br>പ്രോജക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു.<br><br>കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി – '**<u>തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും</u>**' - നടപ്പാക്കുന്നതിന് സ.ഉ.(സാധാ) നം.116/2015/വ്യവ. തീയ്യതി, 05.02.15 പ്രകാരം ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതി പ്രകാരം, തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് പച്ചത്തൊണ്ടിന് 25 പൈസ നിരക്കിലും, ഉണക്കത്തൊണ്ടിന് 15 പൈസ നിരക്കിലും ഇൻസെന്റീവ് നൽകുന്നതാണ്. കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടു സംഭരിക്കുന്നതിനും മറ്റ് ഏജൻസികൾ മുഖാന്തിരം സംഭരിക്കുന്നതിനും ഉൾപ്പെടെ) 5,000 തൊണ്ടിന് 250/- രൂപയും, കൂടുതലായി സംഭരിക്കുന്ന ഓരോ ആയിരം തൊണ്ടിനും 50/- രൂപ എന്ന കണക്കിലും വാഹന വാടക നൽകും.<br>മിനി ഡി.എഫ്. മെഷീൻ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾ ഉൾപ്പെടെ ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് (8 മണിക്കൂർ കൊണ്ട് 4,000 തൊണ്ടിൽ താഴെ സംസ്ക്കരിച്ച് ചകിരിയാക്കാൻ കപ്പാസിറ്റിയുള്ള യൂണിറ്റുകൾ) തൊഴിലാളികൾ (കയർ മേഖലയിലെ തൊഴിലാളികളും, സ്വാശ്രയ/കുടുംബശ്രീയിലെ അംഗങ്ങളും) തൊണ്ട് സംഭരിച്ചു നൽകുമ്പോൾ തൊണ്ട് ശേഖരിക്കുന്ന തൊഴിലാളിക്ക് പ്രതിദിന വേതനമായി 400 പച്ചത്തൊണ്ട സംഭരിച്ചു നൽകുമ്പോൾ 160/- രൂപയും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും 20/- രൂപ വീതവും സർക്കാർ വിഹിതം നൽകുന്നതാണ്. |

| | | |
|---|---|---|
| | | ഉണക്കത്തൊണ്ടാണെങ്കിൽ 600 ഉണക്കത്തൊ ണ്ട് സംഭരിച്ച് നൽകുമ്പോൾ 150/- രൂപയും അധിക ഓരോ 100 ഉണക്കത്തൊണ്ടിനും 25/- രൂപ വീതവും സർക്കാർ വിഹിതമായി നൽകും.<br><br>തൊണ്ട് സംഭരിക്കുന്ന തൊഴിലാളികൾക്ക് പ്രതിദിന വേതനം കൂടാതെ സംഭരണ ഇൻസെന്റീവും ലഭിക്കും.<br><br>തൊണ്ട് സംഭരിച്ച് ചകിരിയാക്കി സ്ഥാപനങ്ങൾക്കു നൽകുമ്പോൾ പച്ചത്തൊണ്ടിൽ നിന്നുള്ള ഒരു കിലോ ചകിരിക്ക് 3/- രൂപയും, ഉണക്കത്തൊ ണ്ട്/അഴുക്കൽ തൊ ണ്ടിൽ നിന്നുള്ള ഒരു കിലോ ചകിരിക്ക് 2/- രൂപയും സബ്സിഡിയായി നൽകും.<br><br>കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിനായി പരമാവധി 2,00,000/- രൂപ വരെ പ്രവർത്തന മൂലധനമായി നൽകും.<br>വലിയ മെഷീൻ ഉപയോഗിക്കുന്ന കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് പ്രതിവർഷം പരമാവധി 50,000/- രൂപയും മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് ഒരു മെഷീന് പരമാവധി 10,000/- രൂപ എന്ന കണക്കിലും വർഷം തോറും യഥാർത്ഥ റിപ്പയർ കണക്കാക്കി മെയിന്റനൻസ് ഗ്രാന്റ് റീ ഇംപേഴ്സ്മെന്റായി നൽകുന്നതാണ്. |
| **2** | നിലവിലുള്ള പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന സജ്ജ മാക്കണം. | • പ്രവർത്തനരഹിതമായ 31 ഡീഫൈബറിംഗ് മില്ലുകൾ(ഇതിൽ 22 എണ്ണം സഹകരണ മേഖല യിലും 3 എണ്ണം സ്വകാര്യ മേഖലയിലും, 6 എണ്ണം കയർഫെഡിന്റെ യൂണിറ്റുകളുമാണ്) പ്രവർത്തനസജ്ജമാക്കാൻ ധനസഹായമായി 411.83 ലക്ഷം രൂപ അനുവദിച്ചു. |
| **3.** | പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കണം | • 12 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് 243.76 ലക്ഷം രൂപ അനുവദിച്ചു<br>• കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് വലിയ തരത്തിലുള്ള ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 121.55 ലക്ഷം രൂപ അനുവദിച്ചു.<br>• 10 പിത്ത് സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിലേ ക്കായി 146.26 ലക്ഷം രൂപ അനുവദിച്ചു.<br>• NCRMI വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ 189 എണ്ണം പ്രാഥമിക കയർ സംഘങ്ങൾക്കും, KSCC, Coirfed, Fomil നും സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും അനുവദിച്ചിട്ടു ണ്ട്. |

| | | |
|---|---|---|
| | | • കയർഫെഡിന് 4 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിലേക്കായി 300 ലക്ഷം രൂപ അനുവദിച്ചു. |
| 4. | വൈദ്യുതി സബ്സിഡി ലഭ്യമാക്കണം. | • കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് വൈദ്യുതി കുടിശ്ശികയുടെ 50% തുക ഒറ്റത്തവണ സബ്സിഡിയായി നൽകിയിരുന്നു. ഇപ്പോൾ ഇത് നൽകുന്നില്ല. |
| 5. | പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ ലിക്വഡേഷൻ നടപടികൾ ത്വരിതപ്പെടുത്തണം. | • നടപടികൾ ത്വരിതപ്പെടുത്തി. കയർവികസന ഡയറക്ടറുടെ തലത്തിൽ പുരോഗതി പ്ലാൻ റിവ്യൂ മീറ്റിംഗിൽ പുരോഗതി മോണിറ്റർ ചെയ്യുന്നു. ലിക്വിഡേഷൻ ഇൻസ്പെക്ടർമാരുടെ റീജിയണൽ ലെവൽ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. ലിക്വിഡേഷൻ നടപടികൾ തുടർന്നു വരികയാണ്. |
| 6. | സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വർക്കിംഗ് ക്യാപിറ്റൽ നൽകണം | • പ്രവർത്തന മൂലധനം നൽകാൻ നടപടി സ്വീകരിച്ചു. 2011-12 വർഷം വർക്കിംഗ് ക്യാപ്പിറ്റൽ സഹായമായി 954.73 ലക്ഷം രൂപയും 2012-13 ൽ 896.92 ലക്ഷം രൂപയും 2013-14 ൽ 145.25 ലക്ഷം രൂപയും, 2014-15-ൽ 15.84 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| 7. | കയർ സംഘങ്ങളുടെ ബാങ്ക് വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കണം. | • കയർ കടാശ്വാസപദ്ധതിയിൽ ഉൾപ്പെടുത്തി 115 സംഘങ്ങൾക്ക് സഹായം നൽകി. കടാശ്വാസ പദ്ധതി നടപ്പാക്കുന്നതിനുള്ള പുതിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| 8. | MDA മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കണം. കയർഫെഡ്/കയർപൊതുമേഖലാസ്ഥാപന — ങ്ങൾ എന്നിവ നടത്തുന്ന വിപണനത്തിനുള്ള എം.ഡി.എ അവയ്ക്ക് നല്കണം. | • പുതുക്കി നിശ്ചയിച്ചു. |
| 9. | റിട്ടയർ ചെയ്ത സംഘം തൊഴിലാളികൾക്ക് ത്രിഫ്റ്റ്/ഷെയർ തിരികെ നൽകാൻ സർക്കാർ സഹായം നൽകുന്ന കാര്യം പരിശോധിക്കണം. | • 60 വയസ്സ് കഴിഞ്ഞ സംഘം തൊഴിലാളി കളുടെയും നിലവിലുണ്ടായിരുന്ന സംഘം തൊഴിലാളികളുടെയും ത്രിഫ്റ്റും, ഷെയറും, ഗ്രാറ്റുവിറ്റിയും തിരികെ നൽകാൻ നടപടികൾ സ്വീകരിച്ചു. 1429.40 ലക്ഷം രൂപ 2011-12 വരെ അനുവദിച്ചു. പദ്ധതി ഇപ്പോൾ നിലവിലില്ല. |
| 10 | സംഘങ്ങളിലെ അംഗത്വം പരിശോധന നടത്തി കൃത്യതയുള്ളതാക്കണം. കയർ ഇൻസ്പെക്ടർമാർ പരിശോധന നടത്തി യഥാർത്ഥ തൊഴിലാളികളല്ലാത്തവരെയും ബൈലോയിൽ നിശ്ചയിച്ചിരിക്കുന്ന അനുഭാവികളുടെ എണ്ണത്തിൽ കൂടുതലുള്ളവരെയും ഒഴിവാക്കി മെമ്പർഷിപ്പ് രജിസ്റ്റർ തയ്യാറാക്കണം | • ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| 11 | കയർഫെഡിന്റെ പുനസംഘടനാ നടപടികൾ | • പുനരുദ്ധാരണ പദ്ധതിയ്ക്ക് സർക്കാർ |

<table>
<tr><td></td><td>അടിയന്തിരമായി പൂർത്തീകരിക്കണം.<br><br>സംഘങ്ങളുടെ ഉല്പാദന ചെലവനുസരിച്ചുള്ള വില നൽകി കയറും കയറുല്പന്നങ്ങളും പൂർണ്ണമായും കയർഫെഡ് സംഭരിക്കണം.<br><br>കയർഫെഡിന്റെ വിപണനശേഷി 1 ലക്ഷം ക്വിന്റൽ കയർ ആക്കാൻ കഴിയുന്ന രീതിയിൽ ശക്തമാക്കണം.<br><br>വിപണിയിലെ നഷ്ടം നികത്താൻ പ്രൈസ് ഫ്ളക്ചുവേഷൻ ഫണ്ട് നൽകണം.</td><td>അംഗീകാരം നൽകുകയും 21.53 കോടി രൂപ പ്രവർത്തന മൂലധനം ഉൾപ്പെടെയുള്ള കാര്യങ്ങൾ അനുവദിക്കുകയും ചെയ്തു.<br><br>• സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ കയർഫെഡാണ് സംഭരിക്കുന്നത്. കയർ വില പുതുക്കി നിശ്ചയിച്ചു.<br><br>• കയർഫെഡിന്റെ കയർ സംഭരണം വർദ്ധിച്ചു വരികയാണ്. കയർ സംഭരണം ചുവടെ കൊടുക്കുന്നു.<br>
<table>
<tr><th>വർഷം</th><th>തൂക്കം (Qtl.)</th></tr>
<tr><td>2010-11</td><td>52409.00</td></tr>
<tr><td>2011-12</td><td>55662.49</td></tr>
<tr><td>2012-13</td><td>69841.94</td></tr>
<tr><td>2013-14</td><td>71974.10</td></tr>
<tr><td>2014-15</td><td>65379.38</td></tr>
</table>
<br>• പ്രൈസ് ഫ്ളക്ചുവേഷൻ ഫണ്ട് അനുവദിച്ചു വരുന്നു.</td></tr>
<tr><td>12</td><td>കയർഫെഡിന്റെ മുഖ്യചുമതല അംഗസംഘങ്ങളു ടെ ഉല്പന്നങ്ങൾ സംഭരിച്ചു വിപണനം നടത്തുന്നതിൽ കേന്ദ്രീകരിക്കണം.</td><td>• ഇതിനായി കയർഫെഡിൽ പ്രത്യേക യാൺ ഡിവിഷൻ പ്രവർത്തനം ആരംഭിച്ചു.</td></tr>
<tr><td>13</td><td>ചെറുകിട ഉല്പാദകരിൽ നിന്നും ഉല്പാദന ചെലവിനനുസരിച്ചുള്ള വില നൽകി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താൻ പ്രാപ്തമായ സംവിധാനമായി കയർ കോർപ്പറേഷൻ മാറണം.</td><td>• ക്രയവില സ്ഥിരതാപദ്ധതി മുഖാന്തിരം 2007-08 മുതൽ 2014-15 വരെ 454.88 കോടി രൂപയുടെ ഓർഡറുകൾ ചെറുകിട ഉൽപ്പാദക സംഘങ്ങളിൽ നിന്നും ശേഖരിച്ചു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് ക്രയ വില സ്ഥിരതാ പദ്ധതി പ്രകാരം 2010-11, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലായി 4,900.10 ലക്ഷം രൂപ അനുവദിച്ചു. (700, 1000, 1839.60, 462.37, 898.13 ലക്ഷം രൂപ വീതം)</td></tr>
<tr><td>14</td><td>ഫോംമാറ്റിംഗ്സ് സമർപ്പിച്ചിട്ടുള്ള വിഷൻ 2015 പരിശോധിച്ച് അടിയന്തിരമായി അംഗീകാരം നൽകണം.<br><br>ഫോംമാറ്റിംഗ്സിന്റെ ടേൺഓവർ ഇരട്ടിയായി വർദ്ധിപ്പിക്കണം. എഴു വർഷത്തിനകം 100 കോടി വിൽപ്പന നേടണം.<br><br>കയറ്റുമതിക്കാർക്കുള്ള സർവീസ് സെന്റർ എന്ന പ്രവർത്തനരീതിയിൽ നിന്നും മാറി കയറ്റുമതി രംഗത്ത് ശക്തമായ പ്രവർത്തനം നടത്താൻ ഫോമില്ലിന് കഴിയണം.</td><td>• വിഷൻ 2015-ൽ സൂചിപ്പിച്ചിരുന്ന പല പദ്ധതികൾക്കും സർക്കാർ അംഗീകാരം നൽകി. ഫോമില്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. വിദേശ വിപണിയിൽ ഓർഡറുകൾ നേടാൻ പ്രാപ്തമാക്കി.</td></tr>
<tr><td>15</td><td>കയർ സഹകരണസംഘം ജീവനക്കാർക്കുള്ള</td><td>• കയർ സഹകരണസംഘം ജീവനക്കാരുടെ</td></tr>
</table>

| | | |
|---|---|---|
| | ശമ്പളം കാലോചിതമായി പരിഷ്ക്കരിക്കണം. | ശമ്പളം 23.11.2012 -ലെ സർക്കാർ ഉത്തരവ് (കൈ)നം.139/12/വ്യവ പ്രകാരം പരിഷ്ക്കരിച്ചിട്ടു ണ്ട്. |
| 16 | 7വർഷക്കാലത്തേക്ക് നിലവിലുള്ള പരമ്പരാഗത സ്പിന്നിംഗ് രീതികൾ തുടരേ ണ്ടിവരും. നിലവിൽ പ്രചാരത്തിലുള്ള മോട്ടോറൈസ്ഡ് ട്രഡീഷണൽ റാട്ടുകൾ ഒരുഘട്ടം വരെ വിതരണം തുടരണം | • കയർതൊഴിലാളി ക്ഷേമനിധി ബോർഡ്, എൻ.സി.ആർ.എം.ഐ, കയർഫെഡ് എന്നിവ വഴി പരിശീലനം നൽകി മൂന്നുതരം കയർ പിരിക്കാൻ കഴിയുന്ന മെച്ചപ്പെട്ട റാട്ടുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി. ഇതു പ്രകാരം ഏകദേശം 7000 ത്തോളം റാട്ടുകൾ വിതരണം ചെയ്തിട്ടു ണ്ട് പ്രാഥമിക സംഘങ്ങളിലെ ഏകദേശം 17250-ഓളം തൊഴിലാളികൾക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകി. |
| 17 | പരിമിതമായ രീതിയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കണം. | • വിവിധ പദ്ധതികൾ പ്രകാരം ഏകദേശം 200 ഓളം ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ നൽകി കഴിഞ്ഞു. |
| 18 | ആദ്യഘട്ടത്തിൽ 1500, രണ്ടാം ഘട്ടത്തിൽ 3000, മൂന്നാം ഘട്ടത്തിൽ 6000 മെഷീനുകൾ ഉണ്ടാക്കണം. $^{2}/_{3}$ ഭാഗം സഹകരണ മേഖലയിലും $^{1}/_{3}$ ഭാഗം സ്വകാര്യമേഖലയിലും സ്ഥാപിക്കണം.<br>പുരോഗതി വിലയിരുത്തി രണ്ടാം ഘട്ടത്തിൽ ഈ യന്ത്രങ്ങൾ വ്യാപകമായി സ്ഥാപിക്കണം.<br>സ്വകാര്യ ഉല്പാദകർക്ക് (തുടർച്ചയായി ഉല്പാദനം നടത്തുന്നതും, ക്ഷേമനിധി വിഹിതം അടക്കുന്നവരും മാത്രം) ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകണം.<br>വ്യവസായ യൂണിറ്റായി മാത്രം ഈ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കണം. തൊഴിലാളികൾക്ക് നേരിട്ട് നൽകേണ്ടതില്ല.<br>ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന സാങ്കേതികവിദ്യാ നവീകരണം തുടർച്ചയായി നടപ്പിലാക്കണം. | • യന്ത്രനിർമ്മാണ ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കമ്മീഷൻ ശുപാർശ അനുസരിച്ചുള്ള മെഷിനുകൾ സ്ഥാപിക്കാൻ കഴിയുമെന്ന് കരുതുന്നു.<br>• ഇതിന്റെ പുരോഗതി വിലയിരുത്തി മെച്ചപ്പെട്ട ഒരു പുതിയ കയർപിരി യന്ത്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ എൻ.സി.ആർ.എം.ഐയിൽപൂർത്തി യായി വരികയാണ്.<br>• ഫോംമാറ്റിംഗ്സിന്റെ ചുമതലയിൽ കയർ കോമ്പോസിറ്റ് ബോർഡ് നിർമ്മാണ ഫാക്ടറി ഉടൻ പ്രവർത്തനമാരംഭിക്കും<br>• കയർ കോർപ്പറേഷൻെറ ചുമതലയിൽ ബ്ലന്റഡ് യാൺ ഫാക്ടറിയും പവർലൂം ഫാക്ടറിയും കമ്മീഷൻ ചെയ്തു<br>• സ്വകാര്യ ഉല്പാദകർക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു. |
| 19 | പരമ്പരാഗത മരത്തറികൾക്ക് പകരമായി തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയും ഉൽപാദനക്ഷമത ഗണ്യമായി ഉയർത്തുകയും ചെയ്യുന്ന പുതിയ സെമി-ആട്ടോമാറ്റിക് ലൂമുകളും സ്ഥാപിക്കണം.<br>ഒന്നാംഘട്ടത്തിൽ സഹകരണ സംഘങ്ങൾക്കും, ചെറുകിട മേഖലയിലും 100 വീതം ലൂമുകൾ സ്ഥാപിക്കണം. രണ്ട്/ മൂന്ന് ഘട്ടങ്ങളായി സംഘങ്ങളിൽ 100 വീതവും ചെറുകിട മേഖലയിൽ 1000 വീതവും സംസ്ഥാന ഗവൺമെന്റിന്റെ | • ഫോംമാറ്റിംഗ്സിലും കയർ കോർപ്പറേഷനിലും സംഘങ്ങളിലും സെമി ഓട്ടോമാറ്റിക് ലൂം സ്ഥാപിക്കുന്നു. കൂടുതൽ സ്ഥാപിക്കാ നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• സംഘങ്ങൾക്ക് ലൂമുകൾ നൽകി.<br>• ആലപ്പുഴയിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചപ്പോൾ തന്നെ പച്ചതൊണ്ട് തല്ലുന്ന മെഷീന്റെ പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും 2.81 കോടി രൂപയുടെ ഭരണാനുമതി ഈ പ്രോജക്ടിന് നൽകുകയും അതിൽ 1 കോടി രൂപ പിൻവലിച്ച് നൽകുകയും |

<table>
<tr><td></td><td>ചുമതലയിൽ നിർമ്മിച്ച് വിതരണം ചെയ്യണം.</td><td>ചെയ്തിട്ടു ണ്ട്. ഇതിലൂടെ 125 ഓളം മിനി ഡീഫൈബറിംഗ് മെഷീനുകൾ നിർമ്മിച്ചു കൊണ്ടിരിക്കുകയുമാണ്. നിർമ്മാണം പൂർത്തീകരിച്ച 35 മിനി ഡീഫൈബറിംഗ് മെഷീനുകളിൽ 10 എണ്ണം ഇതിനോടകം സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടു ണ്ട്. 25 എണ്ണം വിതരണത്തിന് സജ്ജമായിട്ടു ണ്ട്. 70 എണ്ണത്തിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പൂർത്തിയായി വരുന്നു.</td></tr>
<tr><td>20</td><td>കയർ രംഗത്തെ ആധുനിക വൽക്കരണം ശക്തമാക്കുവാൻ പൊതുമേഖലയിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറി ആരംഭിക്കണം.</td><td>• യന്ത്രനിർമ്മാണ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയായി ഉൽപാദനം ആരംഭിച്ചു.</td></tr>
<tr><td>21</td><td>തൊഴിലാളികളുടെ കൂലി വ്യവസ്ഥ ഉറപ്പുവരുത്താൻ കാര്യക്ഷമമായ സംവിധാനം ഉണ്ടാവണം.<br>തൊഴിലുറപ്പ് പദ്ധതിക്ക് ലഭിക്കുന്ന കൂലിയിൽ കുറയാത്ത തുകയെങ്കിലും കയർപിരി തൊഴിലാളികൾക്ക് വേതനമായി ലഭ്യമാക്കണം. മിനിമം വേജസ് പ്രായോഗികമായി നടപ്പിലാക്കണം. പുതിയ ഇനം ജോലികൾക്ക് മിനിമം കൂലി നിശ്ചയിക്കണം</td><td>• കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 150 രൂപയിൽ നിന്നും 210 രൂപയായും 210 രൂപയിൽ നിന്നും 260 രൂപയായും തുടർന്ന് 300 രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 200 രൂപയിൽ നിന്നും 285 രൂപയായും 285 രൂപയിൽ നിന്നും 360 രൂപയായും വർദ്ധിപ്പിച്ചു. കയർഫെഡിന്റെ സംഭരണ വില വർദ്ധിപ്പിക്കുകയും ചെയ്തു.</td></tr>
<tr><td>22</td><td>ഷെഡ്ഡുകളില്ലാത്ത മുഴുവൻ കയർപിരി തൊഴിലാളികൾക്കും ഷെഡ്ഡുകൾ നിർമ്മിക്കാൻ സഹായം നൽകണം. ഓരോ വർഷവും ആയിരം തൊഴിലാളികൾക്കെങ്കിലും ഷെഡ്ഡുകൾ നിർമ്മിച്ച് നൽകണം</td><td>• കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രയോജനപ്പെടുത്തി ധനസഹായം ചെയ്തു വരുന്നു. ഷെഡ്ഡുകൾ ആവശ്യപ്പെടുന്നവർക്കെല്ലാം നൽകുന്നുണ്ട്.<br>• ഈ പദ്ധതി പ്രകാരം സംഘങ്ങൾക്ക് നൽകിയ തുക സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>സംഘങ്ങളുടെ എണ്ണം</th><th>അനുവദിച്ച തുക</th></tr>
<tr><td>2010-11</td><td>17</td><td>36,86,686</td></tr>
<tr><td>2011-12</td><td>54</td><td>1,27,50,175</td></tr>
<tr><td>2012-13</td><td>58</td><td>2,07,59,149</td></tr>
<tr><td>2013-14</td><td>158</td><td>11,20,75,971</td></tr>
<tr><td>2014-15</td><td>198</td><td>10,44,66,655</td></tr>
</table></td></tr>
<tr><td>23</td><td>ക്ഷേമനിധികൾ മുഴുവൻ കയർതൊഴിലാളികളെയും അംഗങ്ങൾ ആക്കണം.<br>തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും, പെൻഷനും മറ്റ് ആനുകൂല്യങ്ങൾ ഇവയെല്ലാം ഗണ്യമായി വർദ്ധിപ്പിക്കണം<br>കയർതൊഴിലാളി ക്ഷേമനിധിബോർഡും കയർ ബോർഡും സഹകരിച്ച് കയർ തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ</td><td>• വ്യാപകമായ പ്രവർത്തനം പുരോഗമിക്കുന്നു.<br>• ക്ഷേമനിധിബോർഡുവഴി നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും 3 ഇരട്ടിയിലധികമായി വർദ്ധിപ്പിച്ചു. 01/04/2011 മുതൽ പെൻഷൻ 400 രൂപയായും 1.4.2013 മുതൽ 500 രൂപയായും 1.4.2014 മുതൽ 600 രൂപയായും വർദ്ധിപ്പിച്ച് നൽകി വരുന്നു.</td></tr>
</table>

| | | |
|---|---|---|
| | വിപുലീകരിച്ച് നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.<br>മാച്ചിംഗ് ഗ്രാന്റ് നിർത്തലാക്കി, പെൻഷൻ നൽകേണ്ട മുഴുവൻ തുകയും ഗ്രാന്റായി നൽകണം | • പെൻഷൻ നൽകേണ്ട മുഴുവൻ തുകയും ഗ്രാന്റായി ഇപ്പോൾ സർക്കാരിൽ നിന്നും നൽകുന്നുണ്ട്.<br>• ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടു ണ്ട്. |
| **24** | കയർ സഹകരണ സംഘങ്ങൾ, കയർ പൊതുമേഖലാസ്ഥാപനങ്ങൾ, കയർബോർഡ് എന്നിവ ആവശ്യമായ കയർ പൂർണ്ണമായും കയർഫെഡിൽ നിന്നും വാങ്ങണം എന്ന വ്യവസ്ഥയുണ്ടാക്കണം.<br>ഉല്പാദനത്തിനാവശ്യമായ ചായങ്ങൾ, കെമിക്കലുകൾ എന്നിവ കോമൺ ഫെസിലിറ്റി സെന്റർ വഴി ചെറുകിടക്കാർക്കും സംഘങ്ങൾക്കും ലഭ്യമാക്കണം. | • പൂർണ്ണമായും നടപ്പിലായിട്ടില്ല. പുറത്തു നിന്നും അസംസ്കൃത സാധനങ്ങൾ വാങ്ങുന്നു ണ്ട്. |
| **25** | വിപണിയിൽ നിലവിലുള്ള എല്ലാ ഉൽപ്പന്ന ങ്ങളുടെയും സ്പെസിഫിക്കേഷൻ നിശ്ചയിക്കണം. കയർയാണിന്റെ തരംതിരിവ് പരിമിതപ്പെടുത്തണം. | • വിശദമായ പഠനം ആവശ്യമാണ്. |
| **26** | ചെറുകിട ഉല്പാദകർക്കായി കടാശ്വാസ പദ്ധതി നടപ്പിലാക്കണം. ചെറുകിട ഉല്പാദകർക്കും, സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശക്ക് വായ്പ നല്കുവാൻ പൊതുമേഖലാ/സഹകരണ ബാങ്കുകൾ തയ്യാറാകണം. ഇതിന്റെ പുരോഗതി ബാങ്കേഴ്സ് യോഗത്തിൽ വിലയിരുത്തണം. | • ചെറുകിട ഉൽപ്പാദകർക്ക് 10,000 രൂപ കടാശ്വാസമായി നൽകണമെന്നതാണ് കയർ കമ്മീഷൻ നിർദ്ദേശിച്ചിരുന്നത്. സർക്കാർ ഇത് 25,000 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ കയർ സഹകരണസംഘങ്ങൾക്ക് - മാറ്റ്സ് & മാറ്റിംഗ് സംഘങ്ങൾക്ക് ഓരോ തൊഴിലാളിക്കും 15,000 രൂപാ വീതം എന്ന കണക്കിനും പിരിസംഘ ങ്ങൾക്ക് ഓരോ തൊഴിലാളിക്കും 5000 രൂപാ എന്ന നിരക്കിലും സംഘത്തിന്റെ വായ്പ തീർപ്പാക്കാൻ കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കി 115 സംഘങ്ങൾക്കും 655 ചെറുകിട ഉൽപ്പാദകർക്കും സഹായം നൽകിയിട്ടു ണ്ട്. ബാങ്കേഴ്സ് യോഗത്തിൽ ഇത് ചർച്ച ചെയ്തിട്ടു ണ്ട് |
| **27** | ചകിരി നാര് മൃദുവാക്കാനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കണം.<br>സങ്കരയാണുകളുടെ ഉൽപ്പാദനത്തിന് മുൻഗണന നൽകണം.<br>കയർ കൊ ണ്ടുള്ള കരകൗശലവസ്തുക്കളുടെ ഉൽപ്പാദനവും പ്രോത്സാഹിപ്പിക്കണം.<br>ചകിരിച്ചോർ ഉപയോഗിച്ചു മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കണം. സാങ്കേതിക വിദ്യ എൻ.സി.ആർ.എം.ഐ നൽകണം. ധനസഹായവും നൽകണം.<br>ചെലവുകുറഞ്ഞ ജിയോടെക്സ്റ്റയിൽ ഉൽപ്പന്ന ങ്ങളുടെ നിർമ്മാണത്തിനുള്ള ഗവേഷണ പദ്ധതി പ്രോത്സാഹിപ്പിക്കണം.<br>ഐ.ഐ.ടി കൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയുമായി സഹകരിച്ചു | • നടപടികൾ സ്വീകരിച്ചു.<br>• കയർ കോർപ്പറേഷന് സങ്കരയാൺ നിർമ്മാണത്തിന് തുക അനുവദിച്ച് നടപ്പിലാക്കി.<br>• കരകൗശല വസ്തുക്കളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് കയർ കോർപ്പറേഷനും NCRMI ക്കും പരിശീലനത്തിനു തുക അനുവദിച്ച പരിശീലനം സംഘടിപ്പിച്ച് തുടർനടപടി സ്വീകരിച്ചു വരുന്നു.<br>• ജിയോടെക്സ്റ്റൈൽസുമായി ബന്ധപ്പെട്ട് ഗവേഷണങ്ങൾ NCRMI -ൽ നടന്നു വരുന്നു.<br>കൂടുതൽ ചർച്ചയും നയപരമായ തീരുമാനവും ആവശ്യമാണ്. |

| | | |
|---|---|---|
| | കൂടുതൽ മെച്ചപ്പെട്ട ഡീഫൈബറിംഗ് മില്ലുകൾ ആവിഷ്ക്കരിക്കണം. ഇതിന് കയർ ബോർഡുമായും സഹകരിക്കണം.<br>കയർ യന്ത്രങ്ങളുടെ റിപ്പയർ/മെയിന്റനൻസിന് പ്രാപ്തിയുള്ള വർക്കുഷോപ്പുകൾക്ക് മാനദണ്ഡം നിശ്ചയിച്ച് എൻ.സി.ആർ.എം. ഐ അംഗീകാരം നൽകണം.<br>സംസ്ഥാനത്തെ പോളിടെക്നിക്/ ഐ.ടി.ഐകളിൽ കയർ ടെക്നോളജി ഐശ്ചിക വിഷയമാക്കണം. | |
| 28 | അപ്പെക്സ് ബോഡി ഫോർ കയർ (എബിസി) രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കണം | • രൂപീകരിച്ചിട്ടുണ്ട്. |
| 29 | ജിയോടെക്സ്റ്റയിൽ പി.ഡബ്ള്യൂ.ഡി മാന്വലിൽ ഉൾപ്പെടുത്തുക. | • പി.ഡബ്ള്യൂ.ഡി മാന്വലിൽ ഉൾപ്പെടുത്തുന്നതിലേ ക്കായിട്ടുള്ള ഡാറ്റ തയ്യാറാക്കി നൽകിയിട്ടു ണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്<br>• കയർ ജിയോടെക്സ്റ്റയിൽ ഗ്രാമീണ റോഡു കളുടെ നിർമ്മാണം, നീർത്തട സംരക്ഷണം, കനാലുകളുടെ നവീകരണം എന്നീ ആവശ്യ ങ്ങൾക്ക് ഉപയോഗിക്കുന്നതിന് തദ്ദേശ വകുപ്പിന്റ അംഗീകാരം ലഭ്യമാക്കി. തൊഴിലുറപ്പു പദ്ധതിയിൽ ഉപയോഗിക്കുന്നുണ്ട്. |
| 30 | ഡീഫൈബറിംഗ് ടെക്നോളജി വികസിപ്പിക്കുക | • എൻ.സി.ആർ.എം.ഐ പുതിയ ഡീഫൈബറിംഗ് മെഷീൻ വികസിപ്പിച്ചുകഴിഞ്ഞു. |
| 31 | കയറുൽപന്നങ്ങളുടെ വിപണി വിപുലീകരണ ത്തിനായി കയർ മാർക്കറ്റിംഗ് കൺസോർഷ്യൂ രൂപീകരിക്കണം. നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണസംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവർക്കെല്ലാം പങ്കാളിത്തമുണ്ടാകണം. പൂർണമായും ആധുനിക പ്രൊഫഷണൽ സംവിധാനങ്ങളോടെ വേണം ഇത് പ്രവർത്തി ക്കേണ്ടത്. സർക്കാർ നടപടിക്രമങ്ങളുടെ നൂലാമാലകളിൽ വിപണന പ്രവർത്തനങ്ങൾക്ക് തടസ്സവും കാലതാമസവും ഉണ്ടാവാതെ തികച്ചും സ്വതന്ത്രമായും സുതാര്യമായും പ്രവർത്തിക്കുവാൻ ഈ സംവിധാനത്തിന് കഴിയണം. | • മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്ന തിന് കയർ വകുപ്പു സെക്രട്ടറിയുടെ ചുമതല യിൽ കമ്മിറ്റി രൂപീകരിച്ചു. വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| 32 | സെക്രട്ടേറിയറ്റിൽ കയർ കൈകാര്യം ചെയ്യുന്നതിന് മാത്രമായി വ്യവസായ വകുപ്പിൽ ഒരു പ്രത്യേക സെക്ഷൻ ഉണ്ടാകണം.<br>കയർ ഡയറക്ടറേറ്റ് – ഫെസിലിറ്റേറ്റർ ചുമതല കൂടി നിർവ്വഹിക്കണം. കയർ സംഘങ്ങളുടെ മേൽനോട്ട സംവിധാനം എന്നതിന് പുറമെ സംസ്ഥാനത്തെ കയർരംഗത്തെ വികസന പ്രവർത്തനങ്ങളുടെ മുഴുവൻ നേതൃത്വവും നൽകുന്നതിന് കയർ വികസന ഡയറക്ടറേറ്റ് പ്രാപ്തമാകണം.<br>കയർ ഇൻസ്പെക്ടർ തസ്തിക | • പരിശോധിച്ച വരുന്നു. |

| | | |
|---|---|---|
| | പുനർനാമകരണം ചെയ്ത് ജൂനിയർ/സീനിയർ കയർ വികസന ഓഫീസർ എന്നാക്കണം.<br>കയർ പ്രോജക്ട് ഓഫീസുകളും കയർ സർക്കിളുകളും സംഘങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പുനർക്രമീകരിക്കണം.<br>ഡയറക്ടറേറ്റിൽ എഞ്ചിനീയറിംഗ് ബിരുദമുള്ളയാളെ തസ്തിക ഷിഫ്റ്റ് ചെയ്തു നിയമിച്ച് Project formulation & Implementation wing രൂപീകരിക്കണം. | |
| **33** | സംഘം ഭാരവാഹികളുടെയും വികസന വകുപ്പിലെ ജീവനക്കാരുടെയും പരിശീലനം നടത്തണം. ചുമതല എൻ.സി.ആർ.എം.ഐക്ക് നൽകണം. | • കയർ വികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.<br>• സംഘം ഭാരവാഹികൾക്ക് പരിശീലനം നൽകിവരുന്നു |
| **34** | ശക്തമായ പ്രചാരണം – പരസ്യം – സെമിനാർ – ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കണം. | • 'കേരള കയർ – ദൈവത്തിന്റെ നാട്ടിലെ സുവർണ്ണനാര്' എന്ന ബ്രാന്റ് നെയിമിന് അംഗീകാരം ലഭ്യമാക്കി.<br>• 'ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം' എന്ന ക്യാമ്പയിൻ വഴി കയറുൽപന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിച്ചു.<br>• കയർ ജിയോ ടെക്സ്റ്റയിൽ പ്രചരണത്തിന് തുടർച്ചയായി ശിൽപശാലകൾ സംഘടിപ്പിച്ചു വരുന്നു.<br>• കയറിന്റേയും മറ്റ് പ്രകൃതിദത്ത നാരുകളുടേയും അന്താരാഷ്ട്ര എക്സിബിഷനായ "കയർ കേരള" ആലപ്പുഴയിൽ 2011, 2012, 2013, 2014, 2015 വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു. കൂടാതെ, കോഴിക്കോട് (2014 ൽ), കോന്നി (2014, 2015 വർഷങ്ങളിൽ) എന്നിവിടങ്ങളിൽ "കേരള കയർ ഫെയർ" എന്ന പേരിലും എക്സിബിഷനുകൾ സംഘടിപ്പിച്ചു. |

Sd/-
സെക്ഷൻ ഓഫീസർ